**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1280** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കൊല്ലം ജില്ലയിലെ പുനലൂർ,പത്തനാപുരം,കൊട്ടാരക്കര താലൂക്കുകളിലെയും പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി റവന്യൂ (എം) വകുപ്പ് സ.ഉ(കൈ) നം.156/2026/ആർഡി നമ്പറായി 15/03/2026 ൽ പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ട തുടർനടപടികൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി പുറപ്പെടുവിച്ച 15.03.2026 ലെ സ.ഉ(കൈ) നം. 156/2026/ആർഡി നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തിയ പരിശോധനയിൽ, പത്തനാപുരം താലൂക്കിലെ പത്തനാപുരം വില്ലേജിൽ 72 കൈവശക്കാരെയും, പുന്നല വില്ലേജിൽ 20 കൈവശക്കാരെയും പട്ടയം അനുവദിക്കുന്നതിന് അർഹരായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ പത്തനാപുരം വില്ലേജിലെ 72 കേസുകളിൽ ഇനം മാറ്റം നടത്തി പതിവ് ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതും, പട്ടയം നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. പുന്നല വില്ലേജിലെ 20 കേസുകളിൽ പുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുനലൂർ താലൂക്കിൽ കരവാളൂർ, അഞ്ചൽ, ഇടമൺ, തെൻമല, ആയിരനല്ലൂർ വില്ലേജുകളിലായാണ് കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കേണ്ടത്. ഇടമൺ വില്ലേജിൽ കെ.ഐ.പി കനാൽ പുറമ്പോക്കിൽ ഉൾപ്പെട്ടു വരുന്ന അർഹതയുള്ള 133 കൈവശങ്ങൾ പരിശോധിച്ച് സർവ്വെ നടപടികൾ പൂർത്തിയാക്കി റെക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതും, ടി ഭൂമി റവന്യൂ തരിശ്ശാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. മറ്റ് വില്ലേജുകളിൽ സർവ്വെ നടപടികൾ പുരോഗമിച്ച് വരുന്നു. കൊട്ടാരക്കര താലൂക്കിൽ 40 കൈവശങ്ങളാണ് പതിവിന് യോഗ്യമായി കണ്ടെത്തിയിട്ടുള്ളത്. ടി കേസുകളിൽ പതിവ് റിക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതും, കെ.ഐ.പി കനാൽ പുറമ്പോക്കിൽ നിന്നും തരിശ്ശിലേക്ക് മാറ്റി ഉത്തരവായിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ കെ.ഐ.പി കനാൽ പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്ന കൈവശക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുള്ളതും, കൈവശക്കാരുടെ വിവര ശേഖരണത്തിനായി സർവ്വേയർമാരെയും ജീവനക്കാരെയും നിയമിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കെ.ഐ.പി കനാൽ പുറമ്പോക്കിലെ പട്ടയ നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ താലൂക്ക് തലത്തിൽ നടന്നു വരുന്നു.

**(ബി)** പ്രസ്തുത ഉത്തരവ് പ്രകാരം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള നടപടികളിൽ ഇനിയും കാലതാമസമുണ്ടാകുമോയെന്നും പട്ടയം എന്ന് നല്കാൻ കഴിയുമെന്നും അറിയിക്കുമോ;

<u>**മറുപടി:**</u> കൊല്ലം ജില്ലയിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെയും പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി പുറപ്പെടുവിച്ച 15.03.2026 ലെ സ.ഉ(കൈ) നം. 156/2026/ആർഡി നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തിയ പരിശോധനയിൽ, പത്തനാപുരം താലൂക്കിലെ പത്തനാപുരം വില്ലേജിൽ 72 കൈവശക്കാരെയും, പുന്നല വില്ലേജിൽ 20 കൈവശക്കാരെയും പട്ടയം അനുവദിക്കുന്നതിന് അർഹരായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ പത്തനാപുരം വില്ലേജിലെ 72 കേസുകളിൽ ഇനം മാറ്റം നടത്തി പതിവ് ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളതും, പട്ടയം നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. പുന്നല വില്ലേജിലെ 20 കേസുകളിൽ പുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുനലൂർ താലൂക്കിൽ കരവാളൂർ, അഞ്ചൽ, ഇടമൺ, തെൻമല, ആയിരനല്ലൂർ വില്ലേജുകളിലായാണ് കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കേണ്ടത്. ഇടമൺ വില്ലേജിൽ കെ.ഐ.പി കനാൽ പുറമ്പോക്കിൽ ഉൾപ്പെട്ടു വരുന്ന അർഹതയുള്ള 133 കൈവശങ്ങൾ പരിശോധിച്ച് സർവ്വെ നടപടികൾ പൂർത്തിയാക്കി റെക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതും, ടി ഭൂമി റവന്യൂ തരിശ്ശാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. മറ്റ് വില്ലേജുകളിൽ സർവ്വെ നടപടികൾ പുരോഗമിച്ച് വരുന്നു. കൊട്ടാരക്കര താലൂക്കിൽ 40 കൈവശങ്ങളാണ് പതിവിന് യോഗ്യമായി കണ്ടെത്തിയിട്ടുള്ളത്. ടി കേസുകളിൽ പതിവ് റിക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതും, കെ.ഐ.പി കനാൽ പുറമ്പോക്കിൽ നിന്നും തരിശ്ശിലേക്ക് മാറ്റി ഉത്തരവായിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ കെ.ഐ.പി കനാൽ പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്ന കൈവശക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുള്ളതും, കൈവശക്കാരുടെ വിവര ശേഖരണത്തിനായി സർവ്വേയർമാരെയും ജീവനക്കാരെയും നിയമിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കെ.ഐ.പി കനാൽ പുറമ്പോക്കിലെ പട്ടയ നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ താലൂക്ക് തലത്തിൽ നടന്നു വരുന്നു.

**(സി)** മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം പട്ടയം നൽകുന്ന നടപടികളിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

<u>**മറുപടി:**</u> കൈവശങ്ങളുടെ വിസ്തീർണ്ണം കനാൽ പുറമ്പോക്ക് എന്നതിൽ നിന്നും മാറ്റി തരിശ്ശിലേക്ക് ഉൾപ്പെടുത്തുന്നതിലേക്ക്, വിവിധ കാലങ്ങളിൽ ജലസേചന വകുപ്പ് ഏറ്റെടുത്ത് കനാൽ പുറമ്പോക്ക് ആക്കിയിട്ടുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണെന്ന് ആ വകുപ്പിലോ, വില്ലേജ് രേഖകളിലോ ചേർത്തിട്ടില്ലാത്തത് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**